പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2034 | 07.12.2015 ൽ മറുപടിയ്ക്ക്

**മഞ്ചേഷ് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട സംഭവം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)** | | **ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| (എ) | കാസർഗോഡ് ഉദുമ പഞ്ചായത്ത് മുതിയാക്കൽ സ്വദേശി മഞ്ചേഷ് വയനാട് വൈത്തിരിയിലെ വൈത്തിരി വില്ലേജ് ലക്ഷ്വറി സ്പാ റിസോർട്ടിൽ 18.07.2015 ൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിരുന്നുവോ; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ആരൊക്കെയാണ് പ്രതികൾ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വൈത്തിരി പോലീസ് സ്റ്റേഷൻ ക്രൈം നം. 333/15 u/s 174 CrPC. ടി കേസിൽ പ്രതികളായി ആരെയും ഉൾപ്പെടുത്തിയിട്ടില്ല. മരണത്തിലേക്ക് നയിച്ച കാരണം കണ്ടെത്തുന്നതിലേക്ക് അന്വേഷണം നടന്ന് വരികയാണ്. |
| (സി) | മകന്റെ മരണം ആത്മഹത്യയാക്കി തള്ളിക്കളയാനുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ നീക്കങ്ങൾക്കെതിരെ മാതാപിതാക്കൾ പരാതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | അന്വേഷണം ശരിയായ രീതിയിൽ നടത്തണമെന്ന് കാണിച്ച് മരണപ്പെട്ടയാളുടെ അമ്മ പോലീസിൽ പരാതി നൽകിയിട്ടുണ്ട്. കൂടാതെ അന്വേഷണം സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിനു കൈമാറണമെന്നാവശ്യപ്പെട്ട് ബഹു. എം.എൽ.എ, ശ്രീ.കെ.കുഞ്ഞിരാമൻ മുഖേന സർക്കാരിലും പരാതി ലഭിച്ചിട്ടുണ്ട്. ഇക്കാര്യവുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണം ഊർജ്ജിതപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. |
| (ഡി) | എങ്കിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ടിലടക്കം വ്യക്തമായ തെളിവുള്ള സാഹചര്യത്തിൽ മേൽ കേസ് ഫലപ്രദമായ രീതിയിൽ അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | പോസ്റ്റ്മോർട്ടം റിപ്പോർട്ടിലും, അന്വേഷണത്തിലും ശാസ്ത്രീയ പരിശോധനയിലും മുങ്ങിമരിച്ചതാണെന്ന് വ്യക്തമായിട്ടുള്ളതാണ്. മരണത്തിലേക്ക് നയിച്ച കാരണം കണ്ടെത്തുന്നതിന് അന്വേഷണം നടന്ന് വരികയാണ്. |

സെക്ഷൻ ഓഫീസർ